"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ശുചിത്വമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പൊതുജനാവബോധം വളർത്തുന്നതിനും ശരിയായ മാലിന്യ പരിപാലന രീതികൾ പൊതുജനങ്ങളെ പരിചയപ്പെടുത്തി അവരിൽ അനുകൂല മനോഭാവം വളർത്തിയെടുക്കുന്നതിനുമുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി രണ്ടിന പരിപാടി നടപ്പിലാക്കുന്നതിന് സ്വച്ഛ് ഭാരത് മിഷൻ (അർബൻ) പദ്ധതിയിലെ Information Education and Communication- IEC ഘടകത്തിൽ നിന്നും തുക വിനിയോഗിക്കുന്നതിനു ശുചിത്വ മിഷന് അനുമതി നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു

**തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

G.O.(Rt)No.828/2021/LSGD തീയതി,തിരുവനന്തപുരം, 31/03/2021

പരാമർശം:- ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22.12.2020-ലെ 2870/E1/2019/SM നമ്പർ കത്ത്

<u>ഉത്തരവ്</u>

ശുചിത്വ-മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പൊതുജനാവബോധം വളർത്തുന്നതിനും ശരിയായ മാലിന്യ പരിപാലന രീതികൾ പൊതുജനങ്ങളെ പരിചയപ്പെടുത്തി അവരിൽ അനുകൂല മനോഭാവം വളർത്തിയെടുക്കുന്നതിനുമായി വിവിധ പ്രചാരണ പ്രവർത്തനങ്ങൾ ശുചിത്വമിഷൻ നടത്തിവരുന്നുണ്ട്. സ്വച്ഛ് ഭാരത് മിഷൻ (അർബൻ) പദ്ധതി 2021 മാർച്ച് മാസത്തോടെ അവസാനിക്കുന്ന സാഹചര്യം ഉള്ളതിനാൽ പ്രസ്തുത പദ്ധതിയിലെ Information Education and Communication - IEC ഘടകത്തിൽ അവശേഷിക്കുന്ന അഞ്ച് കോടിയോളം രൂപ അടിയന്തരമായി പ്രയോജനപ്പെടുത്തിയില്ല എങ്കിൽ ടി തുക നഷ്ടപ്പെടുവാൻ ഇടയുണ്ട് എന്നത് കൂടി പരിഗണിച്ച് ബോധവത്ക്കരണ/പ്രചാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ശുചിത്വമിഷൻ വഴി നടപ്പിലാക്കുന്ന സ്വച്ഛ് ഭാരത് മിഷൻ (അർബൻ) പദ്ധതിയുടെ ഐ.ഇ.സി. ഘടകത്തിൽ നിന്നും ചെലവ് തുക കണ്ടെത്തി നിർവഹിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മേൽ പരാമർശം കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ നടപ്പിലാക്കുന്ന ഏതെങ്കിലും പദ്ധതികളുടെയോ സ്കീമുകളുടെയോ വിവരങ്ങൾ ഉൾപ്പെടുന്നില്ല എന്നും ശുചിത്വ-മാലിന്യ സംസ്കരണം, ആരോഗ്യപരിപാലനം എന്നിവയുമായി ബന്ധപ്പെട്ട് പൊതുജനാവബോധം വളർത്തുന്നതിനും ശരിയായ മാലിന്യ പരിപാലന രീതികൾ പൊതുജനങ്ങളെ പരിചയപ്പെടുത്തി അവരിൽ അനുകൂല മനോഭാവം വളർത്തിയെടുക്കുന്നതിനുമുള്ള സന്ദേശങ്ങൾ മാത്രമാണ് പ്രദർശിക്കപ്പെടുന്നതെന്നും ഉറപ്പാക്കിക്കൊണ്ട് ബോധവൽക്കരണവുമായി ബന്ധപ്പെട്ട് സ്വച്ഛ് ഭാരത് മിഷൻ (അർബൻ) പദ്ധതിയിലെ Information Education and Communication - IEC ഘടകത്തിൽ നിന്നും തുക വിനിയോഗിക്കുന്നതിനു ശുചിത്വ മിഷന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R S KANNAN
SPECIAL SECRETARY

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E)കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/ E& RSA)കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്-

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്